REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 22-04-2026 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- **തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര ദുരന്തത്തിൽ ജുഡീഷ്യൽ അന്വേഷണത്തിന് മന്ത്രിസഭായോഗ തീരുമാനം. മരിച്ചവരുടെ ബന്ധുക്കൾക്ക് 14 ലക്ഷം രൂപ ധനസഹായം നൽകും.**
- **മുണ്ടത്തിക്കോട് വെടിക്കെട്ടുപുര അപകടം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു.**
- **പശ്ചിമ ബംഗാളും തമിഴ്നാടും നാളെ പോളിംഗ് ബൂത്തിലേക്ക്.**
- **പഹൽഗാം ഭീകരാക്രമണത്തിന്റെ നടുക്കുന്ന ഓർമ്മയ്ക്ക് ഇന്നേക്ക് ഒരു വർഷം. രക്തസാക്ഷികൾക്ക് ശ്രദ്ധാഞ്ജലി അർപ്പിച്ച് രാജ്യം.**
- **ഇന്ന് ലോക ഭൗമ ദിനം.**
- **IPL ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ്, രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തെകുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ മന്ത്രിസഭായോഗം തീരുമാനിച്ചു. ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ ഏകാംഗ ജുഡീഷ്യൽ കമ്മീഷനാണ് അന്വേഷണ ചുമതല.

സ്ഫോടനത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4 ലക്ഷം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപയും ഉൾപ്പെടെ 14 ലക്ഷം രൂപ അടിയന്തിര ധനസഹായം

അനുവദിക്കാനും മന്ത്രിസഭായോഗം തീരുമാനമെടുത്തു. മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ഓൺലൈനിലാണ് യോഗം ചേർന്നത്.

പരിക്കേറ്റവർക്ക് ദുരന്തപ്രതികരണ നിധി പ്രകാരം അനുവദനീയമായ തുകയും അതിനു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 2 ലക്ഷം രൂപ അടിയന്തിര ധനസഹായവും അനുവദിക്കും.

✪✪✪

സ്ഫോടനം സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് മന്ത്രിസഭായോഗം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തെ സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതായി മന്ത്രി കെ രാജൻ അറിയിച്ചു.

ആറുമാസത്തിലധികമായി ചികിത്സ വേണ്ടിവന്നാൽ മെഡിക്കൽ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ശിപാർശ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളിൽ ചികിത്സ ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കും.

തിരച്ചിലും രക്ഷാപ്രവർത്തനവും സുഗമമാക്കുന്നതിനുവേണ്ടി പ്രദേശത്തെ സ്വകാര്യ വ്യക്തികളുടെ മതിൽ പൊളിക്കുകയും വയൽ നികത്തുകയും ചെയതിട്ടുണ്ട്. അവ പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് ചെലവാകുന്ന യഥാർത്ഥ തുക ജില്ലാ കളക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദുരന്തപ്രതികരണ നിധിയിൽ നിന്നും അനുവദിക്കും.

ദുരന്തവുമായി ബന്ധപ്പെട്ട് മൃതദേഹങ്ങൾ മറവു ചെയ്യുന്നതിനും, DNA മാച്ചിംഗിനായി സാമ്പിളുകൾ ശേഖരിക്കുന്നതിനും സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ (SOP) പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നിർദ്ദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടിവ് കമ്മിറ്റിക്ക് നൽകി.

അടിയന്തര പ്രതികരണത്തിനായി 50 ലക്ഷം രൂപ ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഇന്നലെ അനുവദിച്ച നടപടി സാധൂകരിച്ചു. ദുരന്ത പ്രതികരണവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള ചെലവുകൾ ഈ തുകയിൽ നിന്നും ചെലവഴിക്കാൻ ജില്ലാ കലക്ടർക്ക് അനുമതി നൽകി.

സ്ഫോടനം കാരണം സമീപ വീടുകൾക്കുണ്ടായ നാശനഷ്ടത്തിന്റെ തോത് കണക്കാക്കി അടിയന്തിരമായി റിപ്പോർട്ട് സമർപ്പിച്ച് എസ് ഡി ആർ എഫിൽ നിന്നും തുക ലഭ്യമാക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

DNA പരിശോധനയ്ക്ക് രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സംഘം തൃശ്ശൂരിലെത്തി.

✪✪✪

തൃശ്ശൂർ പൂരം നടത്തിപ്പിൽ തീരുമാനം എടുക്കുന്നതിന് നാളെ രാവിലെ കളക്ടറേറ്റിൽ ജനപ്രതിനിധികളുടെയും ദേവസ്വം ഭാരവാഹികളുടെയും പ്രത്യേക യോഗം ചേരും. മുണ്ടത്തിക്കോട് വെടിക്കെട്ട് അപകട സ്ഥലത്ത് നിന്നും രാവിലെ രണ്ട് ശരീരഭാഗങ്ങൾ കൂടി കണ്ടെടുത്തു. സമീപത്തെ പാടശേഖരത്തിൽ കെഡാവർ നായ്ക്കളെ ഉപയോഗിച്ച് നടത്തിയ തിരച്ചിലിൽ ആണ് ശരീരഭാഗങ്ങൾ കണ്ടെത്തിയത്. മന്ത്രിമാരായ കെ രാജനും, എം ബി രാജേഷും സംഭവസ്ഥലം സന്ദർശിച്ചു.

✪✪✪

മുണ്ടത്തിക്കോട് വെടിക്കെട്ടപകടം ഉണ്ടാക്കിയ നടുക്കത്തിൽ നിന്ന് സംസ്ഥാനം ഇനിയും മുക്തമായിട്ടില്ല. പൂരാവേശത്തെ വരവേൽക്കാൻ തൃശൂർ ഒരുങ്ങുമ്പോഴാണ് ദുരന്തം ഉണ്ടായത്.

കൂടുതൽ വിവരങ്ങളുമായി തൃശൂരിൽ നിന്ന് ഭരിതാ പ്രതാപ്..

.........വോയ്സ്.........

മുണ്ടത്തിക്കോട് വെടിക്കെട്ടപകടത്തിന്റെ നടുക്കത്തിൽ നിന്നും പ്രദേശം ഇനിയും മുക്തമായിട്ടില്ല. സ്ഫോടനത്തിൽ പൊലിഞ്ഞ ജീവനുകൾക്ക് പുറമെ, കിലോമീറ്ററുകളോളം ചുറ്റളവിൽ വലിയ തോതിലുള്ള നാശനഷ്ടങ്ങളാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വലിയ തോതിലുള്ള പ്രകമ്പനത്തിൽ പ്രദേശത്തെ വീടുകളുടെ ജനൽ ചില്ലകളും ഓടുകളും തകർന്നത് ജനങ്ങളെ കൂടുതൽ ദുരിതത്തിലാഴ്ത്തുന്നു.

സ്ഫോടനമുണ്ടായ സ്ഥലത്തിന് സമീപത്തെ നൂറുകണക്കിന് വീടുകൾക്കാണ് കേടുപാടുകൾ സംഭവിച്ചത്. ഉഗ്രസ്ഫോടനത്തെത്തുടർന്നുണ്ടായ വായുമർദ്ദത്തിൽ ജനൽ ചില്ലകൾ പൊട്ടിത്തെറിക്കുകയും വീടിനുള്ളിലേക്ക് ചിതറുകയും ചെയ്തു. അപകടസമയത്ത് വീടുകൾക്കുള്ളിലായിരുന്ന കുട്ടികളടക്കമുള്ളവർ ചില്ല് കഷണങ്ങൾ കൊണ്ട് പരിക്കേൽക്കാതെ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. 13 മരണം സ്ഥിരീകരിച്ചു.

40 തൊഴിലാളികൾക്കാണ് പരിക്കുകൾ ഏറ്റത്തു . അവർ ചികിത്സയിൽ തുടരുകയാണ്.ഇന്നലെ രാത്രി ഏറെ വൈകിയും സംസ്ഥാന, കേന്ദ്ര മന്ത്രിമാർ മെഡിക്കൽ കോളേജിൽ സന്ദർശനം നടത്തിയിരുന്നു. പരിക്കുകൾ സംഭവിച്ചവർക്ക് വിദഗ്ധമായ ചികിത്സ ഉറപ്പാക്കും എന്നും മന്ത്രി അറിയിച്ചു. അപകടം തൃശൂർ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘം അന്വേഷിക്കും.

തൃശ്ശൂർ പൂരം നടത്തിപ്പിൽ തീരുമാനം നാളെ. രാവിലെ 10.30ന് കളക്ടറേറ്റിൽ പ്രത്യേക യോഗം. ജനപ്രതിനിധികളും ദേവസ്വം ഭാരവാഹികളും പങ്കെടുക്കും.

✪✪✪

തൃശൂർ വെടിക്കെട്ട് അപകട സ്ഥലത്തുനിന്ന് സ്ഫോടക വസ്തുക്കൾ പൂർണ്ണമായി മാറ്റിയതായി ഡി ജി പി റവാഡ ചന്ദ്രശേഖർ പറഞ്ഞു. സംഭവസ്ഥലത്ത് രക്ഷപ്പെട്ടവർ അടക്കം 34 പേർ ഉണ്ടായിരുന്നെന്നാണ് വിലയിരുത്തൽ. രക്ഷപ്പെട്ടവരോട് സംസാരിച്ച് കൂടുതൽ ആളുകളെ സംബന്ധിച്ച വിവരങ്ങൾ തേടുമെന്നും DGP അറിയിച്ചു. DNA പരിശോധന എത്രയും വേഗം പൂർത്തിയാക്കാൻ ശ്രമിക്കുമെന്നും അപകട സ്ഥലത്തെ പരിശോധന നാളെയോടുകൂടി പൂർത്തിയാക്കാൻ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സംഭവത്തെ കുറിച്ച് തൃശ്ശൂർ പോലീസ് സിറ്റി കമ്മീഷണറുടെ നേതൃത്വത്തിൽ 18 ആംഗ പ്രത്യേക സംഘം അന്വേഷിക്കുമെന്നും സംസ്ഥാന പൊലീസ് മേധാവി അറിയിച്ചു.

✪✪✪

ആഘോഷങ്ങളുടെ വെടിക്കെട്ടിന് മുമ്പെ ആവശ്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. തൃശൂർ പൂരം വെടിക്കെട്ട് വേണ്ടെന്ന് പറയാൻ ഇപ്പോൾ കഴിയില്ലെന്നും ദുരന്തത്തിന് ഇരയായവരുടെ കുടുംബങ്ങൾക്ക് ആവശ്യമായ സഹായം ഗവൺമെന്റ് പ്രഖ്യാപിക്കണമെന്നും സതീശൻ ആവശ്യപ്പെട്ടു.

✪✪✪

സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ വെടിക്കെട്ടിന് അനുമതി നൽകരുതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു. ഇനിയെങ്കിലും സംസ്ഥാനത്ത് വെടിക്കെട്ട് അപകടം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലുകളും സ്വീകരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. വെടിക്കെട്ട് അപകടത്തിൽ മരിച്ചവരുടെ DNA പരിശോധന വേഗത്തിൽ പൂർത്തിയാക്കണമെന്നും ഇപ്പോൾ പ്രഖ്യാപിച്ച സാമ്പത്തിക സഹായം അപര്യാപ്തമാണെന്നും രമേശ് ചെന്നിത്തല പറഞ്ഞു. പുറ്റിങ്ങൽ വെടിക്കെട്ട് അപകടത്തെ കുറിച്ച് അന്വേഷിച്ച കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണമെന്നും രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പശ്ചിമ ബംഗാളിൽ ആദ്യഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പും തമിഴ്നാട്ടിൽ ഒറ്റഘട്ട വോട്ടെടുപ്പും നാളെ. രണ്ട് സംസ്ഥാനങ്ങളിലും തെരഞ്ഞെടുപ്പിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

ബംഗാളിലെ 16 ജില്ലകളിലെ 152 സീറ്റുകളിലേക്കാണ് തിരഞ്ഞെടുപ്പ്. 1,478 സ്ഥാനാർത്ഥികളുടെ രാഷ്ട്രീയവിധിയാണ് നാളെ തീരുമാനിക്കുക. സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിന് എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. മൂവായിരത്തോളം സഹായബൂത്തുകൾ ഉൾപ്പെടെ 44,376 ബൂത്തുകളിലാണ് വോട്ടെടുപ്പ്.

പശ്ചിമ ബംഗാളിൽ രണ്ടാം ഘട്ട തെരഞ്ഞെടുപ്പ് ഏപ്രിൽ 29നാണ്.

തമിഴ്നാട്ടിൽ 234 അംഗ നിയമസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനാണ് നാളെ വോട്ടർമാർ പോളിംഗ് ബൂത്തിലെത്തുക.

സംസ്ഥാനത്ത് അഞ്ച് കോടി 73 ലക്ഷത്തി 43,291 വോട്ടർമാർക്കായി 75,064 പോളിംഗ് സ്റ്റേഷനുകൾ ഒരുക്കിയതായി തമിഴ്നാട് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അർച്ചന പട്നായിക് അറിയിച്ചു.

കേരളം, തമിഴ്നാട്, പുതുച്ചേരി, അസം, പശ്ചിമബംഗാൾ എന്നീ സംസ്ഥാനങ്ങളിലെ തെരഞ്ഞെടുപ്പ് ഫലം മെയ് നാലിനാണ് പ്രഖ്യാപിക്കുക.

✪✪✪

ജമ്മുകശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിന്റെ നടുക്കുന്ന ഓർമ്മയ്ക്ക് ഇന്നേക്ക് ഒരു വർഷം. കഴിഞ്ഞ വർഷം ഇതേ ദിവസമാണ് തീവ്രവാദികൾ പഹൽഗാമിൽ നിരപരാധികളായ 26 വിനോദസഞ്ചാരികളെ വെടിവെച്ച് കൊലപ്പെടുത്തിയത്. ക്രൂരമായ ഈ പ്രവൃത്തിയെ ലോകരാജ്യങ്ങൾ അപലപിച്ചു.

പഹൽഗാം ഭീകരാക്രണത്തെ തുടർന്നാണ് കഴിഞ്ഞ വർഷം മെയ് ആറ്, ഏഴ് തിയതികളിൽ ഇന്ത്യൻ സായുധ സേന ഓപ്പറേഷൻ സിന്ദൂർ ആരംഭിച്ചത്. ഓപ്പറേഷനിൽ നൂറിലധികം ഭീകരരെയും, പരിശീലകരെയും, സഹായികളെയും, കൂട്ടാളികളെയും വധിക്കാൻ ഇന്ത്യൻ സേനയ്ക്ക് കഴിഞ്ഞു.

✪✪✪

പഹൽഗാം ഭീകരാക്രമണത്തിനൽകിയവരെയും ഭീകരതയുടെ ഇരകളെയും ഈ ദിനത്തിൽ സ്മരിക്കുകയാണെന്ന് ഉപരാഷ്ട്രപതി സാമൂഹികമാധ്യമത്തിൽ കുറിച്ചു.

✪✪✪

എല്ലാ രൂപത്തിലെ ഭീകരതയെയും അതിന്റെ പ്രകടനങ്ങളെയും ചെറുക്കുമെന്ന ദൃഢനിശ്ചയത്തിൽ ഇന്ത്യ ഉറച്ചുനിൽക്കുന്നുവെന്ന് വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കർ. പഹൽഗാം ഭീകരാക്രമണത്തിലെ രക്തസാക്ഷികളെ സ്മരിക്കുന്നതിൽ രാജ്യത്തോടൊപ്പം ചേരണമെന്നും ഡോ. ജയ്ശങ്കർ സമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഒരു വർഷം മുമ്പ് പഹൽഗാമിൽ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ് ആദരാഞ്ജലി അർപ്പിച്ചു. ഓരോ ഇന്ത്യക്കാരന്റെയും ഹൃദയത്തിൽ ദുഃഖം നിലനിൽക്കുന്നുണ്ടെന്നും ഭീകരതയ്ക്കെതിരായ രാജ്യത്തിന്റെ ദൃഢനിശ്ചയം അചഞ്ചലമാണെന്നും അശ്വിനി വൈഷ്ണവ് സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

ഇന്ന് ലോക ഭൗമ ദിനം. ഭൂമിയെ സംരക്ഷിക്കുന്ന നടപടികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചാണ് ഓരോ വർഷവും ഏപ്രിൽ 22 യുനെസ്കോയുടെ നേതൃത്വത്തിൽ ഭൗമദിനമായി ആചരിക്കുന്നത്.

ഭൗമദിനത്തോടനുബന്ധിച്ച് ഭൂമിയെ സംരക്ഷിക്കുന്നതിനും പ്രകൃതി സംരക്ഷണത്തിനും പ്രതിജ്ഞാബദ്ധരാകാൻ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രാജ്യത്തെ ജനങ്ങളോട് ആഹ്വാനം ചെയ്തു.

✪✪✪

കണ്ണൂർ ജില്ലയിൽ പച്ചത്തുരുത്തുകളോടൊപ്പം ഫുഡ് ഫോറസ്റ്റ് എന്ന ആശയം കൂടി നടപ്പാക്കാൻ ഹരിത കേരളം മിഷൻ ശ്രമം തുടങ്ങി. തരിശിടങ്ങളിൽ പോഷകമൂല്യ വൃക്ഷ വിളകൾ നട്ടു വളർത്തി ഫല - വൃക്ഷ വിഭവങ്ങൾ ഉണ്ടാക്കുന്നതാണ് ഫുഡ് ഫോറസ്റ്റ്.

വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഓ.ശശിധരൻ..

..........വോയ്സ്.........

ഭക്ഷ്യ വിളകളായ വൃക്ഷ ഇനങ്ങളും സസ്യ ഇനങ്ങളും കിഴങ്ങ് വർഗ്ഗ വിളകളും പുൽ വിഭാഗം ചെടികളും ഉൾപ്പെടെ ശാസ്ത്രീയമായി വ്യന്യസിച്ച്

നട്ടുപിടിപ്പിക്കുന്നതാണ് ഫുഡ് ഫോറസ്റ്റ്. ആവശ്യമായി വരുന്ന ജൈവ വളത്തിന്റെ നിർമ്മാണത്തിനുള്ള പ്രായോഗിക പരിശീലനവും ഫുഡ് ഫോറസ്റ്റ് വ്യാപനത്തിന്റെ ഭാഗമായി സംഘടിപ്പിക്കും.

വൃക്ഷങ്ങളുടെ വളർച്ചാ രീതി പരിഗണിച്ച് വിവിധ ലയറുകളായാണ് വൃക്ഷങ്ങൾ നട്ടുവളർത്തുക.

ഇതോടൊപ്പം മുള വ്യാപന പരിപാടിക്കും ഹരിത കേരളം മിഷൻ രൂപം കൊടുത്തിട്ടുണ്ട്.

ജില്ലയിലാകെയുള്ള 324 പച്ചത്തുരുത്തുകൾ 500 ആയി ഉയർത്താനുള്ള ശ്രമമാണ്ഹ രിത കേരളം മിഷൻ നടത്തുന്നതെന്നു ജില്ലാ കോർഡിനേറ്റർ ഇ കെ സോമശേഖരൻ അറിയിച്ചു.

✪✪✪

വാൽപാറയിലുണ്ടായ വാഹനാപകടത്തിൽ പരുക്കേറ്റ് കോയമ്പത്തൂർ മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഡ്രൈവർ നൗഷാദ് അലിയും മരിച്ചു. അതീവ ഗുരുതരാവസ്ഥയിൽ വെന്റിലേറ്ററിൽ തുടരവെ ഇന്ന് പുലർച്ചെയായിരുന്നു അന്ത്യം. ഇതോടെ അപകടത്തിൽ മരിച്ചവരുടെ എണ്ണം പത്തായി.

✪✪✪

കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിന്റെ പേരിൽ സാമൂഹിക മാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ജോലി വാഗ്ദാനങ്ങൾ വ്യാജമാണെന്ന് കോളേജ് പ്രിൻസിപ്പൽ അറിയിച്ചു. പ്രസ്തുത വിവരങ്ങൾ സ്ഥാപനത്തിൽ നിന്ന് ഔദ്യോഗികമായി പുറപ്പെടുവിച്ചതല്ലെന്ന് പ്രിൻസിപ്പൽ പറഞ്ഞു.

✪✪✪

കോഴിക്കോട് ജില്ലാ സാക്ഷരതാമിഷന് കീഴിൽ ഡിഗ്രി പഠിതാക്കൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിച്ചു. സംസ്ഥാന സാക്ഷരതാമിഷന്റെ നേതൃത്വത്തിൽ വ്യത്യസ്തങ്ങളായ സാക്ഷരത, തുടർ വിദ്യാഭ്യാസപ്രവർത്തനങ്ങൾ പരിചയപ്പെടാനും വിശകലനം ചെയ്യാനും അവസരം പരിപാടിയിലൂടെ ഇന്റേണുകൾക്ക് ലഭ്യമാകും.

✪✪✪

IPL ട്വന്റി- 20 ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജയന്റ്സ് രാജസ്ഥാൻ റോയൽസുമായി ഏറ്റുമുട്ടും. വൈകീട്ട് 7.30ന് ഉത്തർപ്രദേശിലെ അടൽ ബിഹാരി വാജ്പേയ് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

അഞ്ച് മത്സരങ്ങളടങ്ങിയ വനിതാ ട്വന്റി 20 ക്രിക്കറ്റിലെ മൂന്നാം മത്സരത്തിൽ ഇന്ത്യ ഇന്ന് ദക്ഷിണാഫ്രിക്കയെ നേരിടും. ജൊഹാനസ്ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ രാത്രി 9:30-നാണ് മത്സരം.

ആദ്യ രണ്ട് മത്സരങ്ങളും വിജയിച്ച ദക്ഷിണാഫ്രിക്ക നിലവിൽ 2-0 ന് മുന്നിലാണ്.

✪✪✪

കോടിയേരി ബാലകൃഷ്ണൻ സ്മാരാക ട്വന്റി20 ക്രിക്കറ്റ് നാലാമത് ടൂർണമെന്റ് തലശ്ശേരി കോണോർവയൽ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ആരംഭിച്ചു. വൈകിട്ട് തലശ്ശേരി നഗരസഭ ചെയർപേഴ്സൺ കാരായി ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: സിയാബ് ടി പി, സാലിം*
*DEO : സി കെ സുബോധ്*